
# RHYTHM


## DIGITAL MAGAZINE




thskuttippuram

thskuttippuram.in

# RHYTHUM CONTENTS




01 Greetings from Superintendent

02 ആയിരത്തിൽ ഒരുവൻ

03 പ്രകൃതിയുടെ നൊമ്പരം


04 തെളിവാർന്ന നിലാവ്

05 സൗഹൃദബന്ധം

06 ഉത്സവച്ചന്ത

# From **Superintendent's desk**


ലിറ്റൽ കൈറ്റ്സ് IT ക്ലബ് ഇന്റെ
നേതൃത്വത്തിൽ പഠന പ്രവർത്തനങ്ങളുടെ
ഭാഗമായി സാജ്യക്രിയാ-
ത്മകമായി സമന്വയിച്ച്
കാലം നിധിപോലെ സൂ-
ക്ഷിക്കുന്ന കയ്യെഴുത്തു
മാസികയുടെ താളുകളി-
ൽ നിന്ന് വ്യത്യാസമായി




**'RHYTHUM'**

എന്ന പേരിൽ ഡിജിറ്റൽ
മാഗസിൻ തയ്യാറാക്കുകുകയാണ് .
സാമൂഹമാധ്യമങ്ങളിലെ
അതിപ്രസരങ്ങൾക്കിടയിൽ പുത്തൻ
ആശയങ്ങളും സർഗാവസങ്ങളും
ആസ്വാദകർക്കിടയിലേക്ക്
പകർത്തുന്നതിലൂടെ സമത്വം,സമഭാവന,
പ്രകൃതിസ്നേഹം,സഹജീവിസ്നേഹം
എന്നിവ കൂടുതൽ വളർത്താനും
മനസ്സിലാക്കാനും നമ്മുടെ ഈ ഡിജിറ്റൽ
മാഗസിൻ സഹായിക്കുമെന്നു കരുതുന്നു.

**കുട്ടികളുടെ സർഗ്ഗ ഭാവനകൾ ഉൾകൊള്ളുന്ന ഈ മാഗസിൻ മനോഹരആക്കിയ എല്ലാ കുട്ടികളോടും സഹായവും പ്രോത്സാഹനവും നൽകിയ രക്ഷിതാക്കളെയും സഹപ്രവർത്തകരെയും ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം എല്ലാ ആശംസകളും നേരുന്നു..**




**JAYAPRASAD.P**
Superintendent
THS Kuttipuram

# ആയിരത്തിൽ ഒരുവൻ

2018ലെ ഒരുദിവസം സുമേഷും രമേശും എന്ന രണ്ടു കൂട്ടുകാർ ബീച്ചിലേക്ക് പോകുകയായിരുന്നു .
പോകുന്നവഴിയിൽ ഇവരെ അറിയുന്ന എല്ലവരും "ടാ.... എന്തിനാടാ ഇങ്ങനെയൊരു പാഴ്ജീവിതം പോയി ചത്തൂടെ."
അവർ ഇത് ഒക്കെ കേട്ടു ബീച്ചിലേക്ക് പോയി.
അവർ പരസ്പരം പറഞ്ഞു
"എന്തിനാടാ ഇങ്ങനെയൊരു ജീവിതം"
അതുകേട്ട ഒരു മീന്പിടുത്തകാരൻ "ടാ...
ജീവതം അവസാനിപ്പിക്കാനാണെങ്കിൽ ഞങ്ങളൊക്കെ എന്നെ അവസാനിപ്പിക്കേണ്ടതാ. ടാ.. ജീവിക്കണം മണിക്ക് വേണ്ടി ജീവിക്കണം"
അന്ന് പെയ്തു തുടങ്ങിയ മഴ കേരളം മൊത്തം വെള്ളത്തിലാക്കി അന്ന് രക്ഷിക്കാൻ ഈ മീൻ മൽസ്യബന്ധനത്തൊഴിലാളികളും ഈ തള്ളിപറഞ്ഞവരും മാത്രമേ--

ഉണ്ടായിരുന്നുള്ളു. അതിൽ
സുമേഷും രമേശും ഉണ്ടായിരുന്നു
കുറച്ചുമാസങ്ങൾക്കുശേഷം അവർ
ബീച്ചിലൂടെ നടക്കുകയായിരുന്നു
അപ്പോൾ രണ്ടു കൂട്ടുകാർ
പറയുന്നത് അവര്കെട്ടു
"എന്തിനാടാ ഈ ജീവിതം"
സുമേഷ് പറഞ്ഞു 'ടാ .. ജീവിക്കണം
നമുക്ക് വേണ്ടി ജീവിക്കണം"

-ജാബിർ ഫിയാൻ
9-A



# പ്രകൃതിയുടെ നൊമ്പരം

"കുന്നിൻ മുകളിൽ യന്ത്രത്തിൽ കഴുകൻ
കാലുകളും ചെകുത്താൻ കൈകളും
മരങ്ങൾ കടപുഴകി വീഴുന്നു

മണ്ണെല്ലാം വയലിൽ നിറയ്ക്കുന്നു

നിളയുടെ തീരത്ത് മണലാരണ്യത്തിനു
പകരം മണ്ണും ചെളിയും മാത്രം
പുഴയുടെ ശുദ്ധമായ നീരൊഴുക്കിൽ
പ്ലാസ്റ്റിക് കുപ്പികളും മറ്റു മാലിന്യ
കൂമ്പാരങ്ങളും നമ്മുടെ നാടെങ്ങോട്ട്
ഈ ഗതി തുടർന്നാൽ നമ്മളും വരും
തലമുറയും മാറാരോഗത്തിന്റെ
പക്കിലെത്തും തീർച്ച"

-പ്രിൻഷ എം.എസ്
10B

# തെളിവാർന്ന
# നിലാവ്

രാവ് പുലര്ത്തരുന്നുവെങ്കിലോ
നിലാവേ നിന്നെയെന്നുകാണാൻ
പ്രധാതാവും രാവാക്കിടും ഞാൻ

നിൻ ശോഭയാർന്ന മുഖം മാത്രം മനസ്സിലലിയിച്
ഞാൻ കാത്തിരിക്കുന്നു
നിന്നെയൊന്നുകാണാൻ

എണ്ണിത്തീരാത്ത നക്ഷത്രങ്ങൾ നിന്റെ
ചുറ്റുമുണ്ടാകിലും നിന്നെയല്ലാതെ
മറ്റാരെയും  ഞാൻ എന്റെ  കണ്ണിൽകാണുന്നില്ല

തെളിഞ്ഞു കിടക്കുന്ന ജലദാരിൽ
നിന്റെ നിഴലോ ഒരു കണ്ണാടി
പോലെ മിന്നിത്തിളങ്ങി

പ്രഭാത കിരണങ്ങളെ തട്ടിമാറ്റികൊണ്ട്
ഒരുനാൾ നിന്നെ ഞാൻ സ്വന്തമാക്കും

-- ജിസ്ന
8-B

# സൗഹൃദബന്ധം

രണ്ടുപേർ തമ്മിലുള്ള ഏറ്റവും മനോഹരമായാബെന്തമാണ് സൗഹ്രദം സുഹൃത്തുക്കൾ എന്ന് വിളിക്കാൻ കഴിയുന്ന ഒരാളില്ലാതെ നമ്മുക് ജീവിതത്തെക്കുറിച് ചിന്തിക്കാൻ കഴിയില്ല നമ്മുടെ സൗഹ്രദം എങ്ങനെയായിരിക്കണമെന്ന് നാം ആഗ്രഹിക്കിന്നു എന്നതിനെ അടിസ്ഥാനമിക്കിയാണ് സുഹൃത്തുക്കളെ ഉണ്ടാക്കുന്നത് പരസ്പരം സ്നേഹം , സത്യസന്ധത , വിശ്വേസ്തഥാ , അനുകമ്പ എന്നിവയിൽ നിറയണം അതിരുകളില്ലാത്ത സ്നേഹവും കരുതലും ഉള്ള ഒന്നാണ് സൗഹൃദംണ് ദീർഘകാലം നീണ്ടുനിൽക്കുന്ന ബന്ധത്തിന് അവരുടെ ചിന്താഗതി ഒന്നുതന്നെയായിരുന്നു എന്നതാണ് സൗഹ്രദത്തിന്റെ സിരം സുഹൃത്തുക്കൾ നിങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ് നല്ല സുഹൃത്തുക്കളെ കണ്ടെത്താൻ പ്രയാസമാണ് എന്നാൽ നിങ്ങൾക് ഒരാളുണ്ടെങ്കിൽ ജീവിതം കുറച്ചുകൂടി എളുപ്പമാകും നിങ്ങൾ

ആശങ്കപ്പെടുത്തുവാണങ്കിലും അല്ലെങ്കിൽ
മറ്റൊരാളിൽ നിന്ന് ഉപദേശം സ്വീകരിക്കാൻ
ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്
സുഹൃത്തുക്കളേ ആശ്രയിക്കാം നിങ്ങളും
ജീവിതത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ
എടുക്കുന്നതിൽ അവർ മികച്ച ഉപദേശം
നൽകുകയും ശെരിയായ പാദ
കാണിക്കുകയും ചെയ്യും ഏറ്റവും പ്രധാനമായി
എന്തുതന്നെയായാലും അവർ
നിങ്ങളോടൊപ്പമുണ്ടാകും ചിലപ്പോൾ
സൗഹ്രദത്തിന്റെ ഭാഗമായ നിസാര
കാരണങ്ങളാൽ നിങ്ങൾ വഴക്കിട്ടേക്കാം
ആരോഗ്യകരമായ സൗഹൃദത്തിന് പരസ്പരം
സ്നേഹവും കരുതലും
പരസ്പരബഹുമാനമുണ്ട് സൗഹ്രദത്തിന്റെ
കാര്യത്തിൽ മുകളിലോ താഴയോ ആരുമില്ല.

-ആതിര.സ്.മേനോൻ
8B



# ഉത്സവച്ചന്ത

അമ്മതൻ തൂവിരൽ തുമ്പത്തൂങ്ങിക്കൊ-
ണ്ടഉത്സവച്ചന്തയിൽ പോകുന്ന നേരത്ത്
മനതാരിലേറെ ഭയമാണെന്നെനിക്കി
കോലങ്ങൾ കെട്ടിയാടുന്നത് കാണുമ്പോൾ
എങ്കിലും ഉത്സവച്ചന്തയിൽ പോകുന്നവൻ
ഉത്സാഹമാണെനിക്കേറെയെന്നു
ഇരുകൈ നിറയെയ കുപ്പിവളകളും
ചെറുകൈ നിറയെയ പലഹാരപ്പൊതികളും
വാങ്ങിച്ചു തന്നമ്മ എന്നോടായതു
പോകാം നമുക്കിനി വീട്ടിലേക്കായ്
അച്ഛനെത്തിയിട്ടുണ്ടാമവിടിപ്പോൾ
ഒച്ചിനെ പൊലിഴയതെ തങ്കം "
പാവകളിപ്പാട്ടങ്ങൾക്കായി ഞാൻ കരയുമ്പോൾ
മിണ്ടാതിരിക്കുവാൻ ചൊല്ലിയെന്നമ്മയും
പിന്നെയും പിന്നെയും വാശിവളർന്നപ്പോൾ
അമ്മതൻ കയ്യെൻ കവിളിൽ വീണു
ചുവന്നതുടുത്തൊരു കവിളിൽ
കണ്ണുനീർ ചാലുകളായിലൊഴുകി.

കണ്ണുനീർ മുത്തുകൾ മുത്തങ്ങളായവ
ഒക്കെയും ഒപ്പിയെടുത്തനേരം
അമ്മതൻ മുന്നിലായോടുന്നു ഞാനെൻ
കൊച്ചു സ്വർഗമാണ് വീട്ടിലേക്കായ്



**SINDHU.P**

HST SOCIAL SCIENCE
THS KUTTIPPURAM